റിട്ടയർ ചെയ്തു. അപ്പോൾ അയാൾക്ക് ഗ്രാറ്റുവിറ്റി കിട്ടും. ആ ഗ്രാറ്റുവിറ്റി അയാൾ അവിടെത്തന്നെ ഇട്ടിട്ടു പോയാൽ അതിന് ഇൻസെന്റീവ് വേണമെന്നു പറയുന്ന കാര്യം നമ്മൾ ആലോചിക്കേണ്ടതുണ്ട്. ജീവനക്കാർ കാൻവാസ് ചെയ്യാതെ, ഞാൻ റിട്ടയർ ചെയ്താൽ എന്റെ ഗ്രാറ്റുവിറ്റി അവിടെ ഖജനാവിൽ കിടന്നോട്ടെ. അതിന് ഇൻസെന്റീവ് വാങ്ങിക്കുക എന്നുപറഞ്ഞാൽ ചുമ്മാ ഒരു ലോറി

11 AM] നിറുത്തിയിട്ട് പലക വച്ചുകൊടുത്താൽ താറാവുകൾ സുവോ മോട്ടോ ഇറങ്ങി വന്നുകൊള്ളും. അതിന് അൺ ലോഡിംഗ് ചാർജ്ജ് ചോദിക്കുന്നത് പോലെയാണ്. താറാവ് ഇറങ്ങിവന്നതാണ് സ്വമനസ്സാലെ....അതിന് ഓരോ താറാവിനേയും ഇറക്കിയതിന് കൂലി ചോദിച്ചാൽ...ഞാൻ ഒരു അനോളജി പറഞ്ഞു എന്നേയുള്ളൂ. പലക വച്ചാൽ താറാവ് ഇറങ്ങി വരുന്നതുപോലെ... അതുകൊണ്ട്, ഞാൻ പറയുന്നത് ഈ ഗ്രാറ്റുവിറ്റി സംഖ്യ ഒരു ഉദ്യോഗസ്ഥൻ സുവോ മോട്ടോ ട്രഷറിയിൽ നിക്ഷേപിച്ചാൽ അതിന് ഇൻസെന്റീവ് എന്നുപറഞ്ഞാൽ അതിനെപ്പറ്റി ആലോചിക്കണം. അതു നിറുത്തുന്നില്ല. നിറുത്തും എന്നു ഞാൻ പറഞ്ഞിട്ടില്ല. ട്രഷറി ജീവനക്കാരൻ കാര്യമായി ചിന്തിക്കണം. ഗവൺമെന്റും ചിന്തിക്കണം. കാരണം ഇപ്പോൾ ഇൻസെന്റീവ് നിറുത്തിയിട്ടില്ല. കൊടുക്കുന്നുണ്ട്. അതിന് കുടിശ്ശിക കൊടുക്കാൻ 2.75 കോടി രൂപ നൽകിയിട്ടുണ്ട്. ഇനി കൊടുക്കുകയും ചെയ്യും. ട്രഷറി ജീവനക്കാരോടും ഇതര ജീവനക്കാരോട് എന്നപോലെ അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ പണിമുടക്ക് ആവശ്യമില്ല. അവർ പണി മുടക്ക് നിറുത്തിവയ്ക്കണമെന്ന് ഗവൺമെന്റിനുവേണ്ടി ഞാൻ അപേക്ഷിക്കുകയാണ്. നിഷേധാത്മകമായ സമീപനമല്ല, ക്രിയാത്മകമായ സമീപനമാണുള്ളത്. ആ പണിമുടക്ക് പിൻവലിക്കണം. പ്രശ്നങ്ങൾ ഏതു സമയത്താണ് ചർച്ച ചെയ്തുകൂടാത്തത്. കമ്പറ നാരായണനെ ഞാൻ മാസത്തിൽ ഒരിക്കൽ കാണാറുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചന്ദ്രന് അറിഞ്ഞുകൂടാഞ്ഞിട്ടാണ്. ഞങ്ങൾ കാണാറുണ്ട്, സംസാരിക്കാറുണ്ട്. അല്ലാതെ അദ്ദേഹം ഒരു വഴിക്ക് ഞാൻ വേറെ ഒരു വഴിക്ക് എന്നുള്ള സമീപനമല്ല. ഒരു സംഘടനയാകുമ്പോൾ ആവശ്യങ്ങളുന്നയിക്കണം. അതു ഡിസ്ക്കസ് ചെയ്യണം. ആ സംഘടന വർക്കു ചെയ്യണമെങ്കിൽ ഇത്തരത്തിലുള്ള എല്ലാം വേണം.

(14) 9-3-2000-ത്തിന് സ്വർണ്ണത്തൊഴിലാളികൾ നടത്തുന്ന നിയമസഭാ മാർച്ച്

ശ്രീ. ബി. വിജയകുമാർ : സർ, സംസ്ഥാനത്തെ രണ്ടരലക്ഷം സ്വർണ്ണ തൊഴിലാളികൾ ഇന്നൊരു സമരത്തിലാണ്. അവർ ഇന്ന് നിയമസഭാ മാർച്ചും ധർണ്ണയും നടത്തുകയാണ്. സ്വതന്ത്രഭാരതത്തിന്റെ സുരക്ഷയ്ക്കായി 63-ൽ സ്വർണ്ണ നിയന്ത്രണ നിയമം പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഉപജീവനത്തിനായി ചെയ്തുവന്ന തൊഴിൽ അടിയറവു വച്ച ത്യാഗോജ്ജ്വലമായ സമൂഹമാണ് സ്വർണ്ണ തൊഴിലാളികൾ. വൻ വ്യവസായികളും ഇടനിലക്കാരും ഈ പരമ്പരാഗത തൊഴിൽമേഖല കയ്യടക്കി ഗുണകരമല്ലാത്തതും അനധികൃതവുമായ റെഡിമെയ്ഡ് ആഭരണങ്ങളുടെ നിരുത്തരവാദപരമായ വില്പന കാരണമായി ഈ തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ തൊഴിലാളി സമൂഹം ദാരിദ്ര്യത്തിലേക്കും ആത്മഹത്യയിലേക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1997 മാർച്ച് 21-ന് നിയമസഭയിൽ ഞാൻ ഒരു സ്വകാര്യ ബിൽ കൊണ്ടുവന്നപ്പോൾ സർക്കാർ ഇതിനായി ഒരു ബിൽ കൊണ്ടുവരാമെന്ന് എനിക്ക് ഉറപ്പ് നൽകിയിരുന്നു. 1999 ഫെബ്രുവരി 12-ന് സ്വകാര്യബിൽ തുടർച്ചർച്ചയ്ക്കു വന്നപ്പോഴും സർക്കാർ ഒരു ബിൽ കൊണ്ടുവരാം എന്നു സഭയിൽ ഉറപ്പു നൽകിയിരുന്നതാണ്. ഷോപ്പിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ഭാഗമായിട്ടല്ല, സ്വർണ്ണത്തൊഴിലാളി അവരുടെ വീട്ടിലിരുന്ന് ജോലി ചെയ്യുന്നവരാണ്. ഈ ആവശ്യമുന്നയിച്ച് തൊഴിലാളികൾ സംസ്ഥാനത്ത് ഒട്ടാകെ മാർച്ച് നടത്തുകയാണ്. ഈ സ്വർണ്ണ തൊഴിലാളികൾക്കുവേണ്ടി സർക്കാർ അടിയന്തിരമായി ക്ഷേമനിധി ബിൽ കൊണ്ടുവരാൻ തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, സ്വർണ്ണത്തൊഴിലാളികൾ ഉൾപ്പെടെയുള്ള സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും മറ്റു ചെറിയ ജോലികളിൽ നിയോഗിക്കപ്പെട്ടവർക്കുമായി നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധത്തൊഴിലാളി ക്ഷേമപദ്ധതി പരിഷ്ക്കരിച്ച് ക്ഷേമനിധിയായി മാറ്റുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയിൽ ഇപ്പോൾ അവശേഷിക്കുന്നവരെയും മറ്റു ചെറിയ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളി വിഭാഗങ്ങളേയും ഉൾപ്പെടുത്തി ക്ഷേമനിധി രൂപീകരിക്കാൻ ഉദ്ദേശിച്ച് തയ്യാറാക്കിയ കരട് ബിൽ സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത ബിൽ നിയമമാക്കുമ്പോൾ ക്ഷേമനിധി ആനുകൂല്യങ്ങൾ സ്വർണ്ണത്തൊഴിലാളികൾക്കും ലഭിക്കുന്നതാണ്.

IV റിപ്പോർട്ടുസമർപ്പണം

2000-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. പി. കെ. കുമാരൻ : സർ, 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ബഹുമാനപ്പെട്ട ചെയർമാൻ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

V നിയമനിർമ്മാണകാര്യം

മി. സ്പീക്കർ : ഇന്ന് രണ്ടു ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണം. രണ്ട് ബില്ലാകുമ്പോൾ അതിന്റെ ഡിസെന്റ്, ഭേദഗതികൾ, പിന്നെ ക്ലാസ് ബൈ ക്ലാസ്സ് ചർച്ച ഒക്കെയുണ്ട്. അതു മനസ്സിലാക്കിയിരിക്കണം. ആദ്യം 2000-ത്തിലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly